പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VIII
# (SUBJECT COMMITTEE VIII)

# സാമ്പത്തിക കാര്യങ്ങൾ
# (ECONOMIC AFFAIRS)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
## നാലാമത് റിപ്പോർട്ട്
## (2019-2020)

## FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS
## (2019-2020)

2019 മേയ് 28-ാം തീയതി സമർപ്പിച്ചത്
(Presented on 28th May 2019)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2019

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VIII
# (SUBJECT COMMITTEE VIII)

# സാമ്പത്തിക കാര്യങ്ങൾ
# (ECONOMIC AFFAIRS)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
നാലാമത് റിപ്പോർട്ട്
(2019-2020)

FOURTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2019-2020)

375/2019.

# <u>ഉള്ളടക്കം</u>


| | പേജ് |
|---|---|
| സമിതിയുടെ ഘടന .. | v |
| അവതാരിക .. | vii |
| റിപ്പോർട്ട് .. | 1 |

# സബ്ജക്ട് കമ്മിറ്റി VIII

## (സാമ്പത്തിക കാര്യങ്ങൾ)

## (2019 -2021)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ഡോ. ടി. എം. തോമസ് ഐസക്,
ധനകാര്യവും കയറും വകുപ്പുമന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി

ശ്രീ. ജി. സുധാകരൻ,
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

| | |
|---|---|
| ഡോ. എൻ. ജയരാജ് | എം.എൽ.എ. |
| ശ്രീ. വി. കെ. സി. മമ്മത് കോയ | ,, |
| ശ്രീ. ഡി. കെ. മുരളി | ,, |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ,, |
| ശ്രീ. മുല്ലക്കര രത്നാകരൻ | ,, |
| ശ്രീ. വി. ഡി. സതീശൻ | ,, |
| ശ്രീ. കെ. സുരേഷ് കുറുപ്പ് | ,, |
| ശ്രീ. എം. ഉമ്മർ | ,, |

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. അബ്ദുൾ ഖരീം എ., സ്പെഷ്യൽ സെക്രട്ടറി

ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ വി., അണ്ടർ സെക്രട്ടറി.

# അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

2019 ഫെബ്രുവരി 19, മാർച്ച് 13 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥചെയ്തിട്ടുള്ള വിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

| | |
|---|---|
| ധനാഭ്യർത്ഥന നമ്പർ V | — ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും |
| ധനാഭ്യർത്ഥന നമ്പർ VII | — മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും |
| ധനാഭ്യർത്ഥന നമ്പർ VIII | — എക്സൈസ് |
| ധനാഭ്യർത്ഥന നമ്പർ X | — ട്രഷറികളും അക്കൗണ്ടുകളും |
| ധനാഭ്യർത്ഥന നമ്പർ XI | — ജില്ലാ ഭരണവും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XVI | — പെൻഷനും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XXVIII | — പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ XLIII | — നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും |
| ധനാഭ്യർത്ഥന നമ്പർ XLV | — പലവക വായ്പകളും മുൻകൂറുകളും |
| ധനാഭ്യർത്ഥന നമ്പർ XLVI | — സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും |

ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും യോഗത്തിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും ആവശ്യമായ ഘട്ടങ്ങളിൽ കൂടുതൽ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികപരവുമായ പരിമിതികൾക്ക് വിധേയമായി സമിതി അഭിപ്രായങ്ങൾ രൂപീകരിക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയുംചെയ്തു. ധനാഭ്യർത്ഥനകളിന്മേൽ ലഭിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായ ശീർഷകങ്ങളിന്മേൽ അധിക തുക അനുവദിക്കുന്നതിനുള്ള സമിതിയുടെ ശിപാർശകൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2019 ഏപ്രിൽ 25-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2019 ഏപ്രിൽ 25.

ഡോ. ടി. എം. തോമസ് ഐസക്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ V—ചരക്ക സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും

വോട്ട് ചെയ്തത് : 340.4571 കോടി രൂപ

ചാർജ്ജ് ചെയ്തത്: 36.51 ലക്ഷം രൂപ

### നികുതി വകുപ്പ്

2043-00-001-97-04(2)—കമ്മീഷണറുടെ കാര്യാലയം-യാത്രാ ചെലവുകൾ-സ്ഥലംമാറ്റ ബത്ത

വിഹിതം : 58,000 രൂപ (പദ്ധതിയേതരം)

1. നടപ്പുസാമ്പത്തികവർഷം ഈ ഇനത്തിൽ 8-2-2019 വരെ 14,086 രൂപ ചെലവായതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 44,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-001-97-05(1)—കമ്മീഷണറുടെ കാര്യാലയം-ഓഫീസ് ചെലവുകൾ-വെള്ളക്കരം

വിഹിതം : 1.51 ലക്ഷം രൂപ (പദ്ധതിയേതരം)

2. വെള്ളക്കരം ഇനത്തിൽ 1-4-2018 മുതൽ 8-2-2019 വരെയുള്ള ചെലവ് 1.29256 ലക്ഷം രൂപയാണെന്നതിനാൽ ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ 62,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-001-97-05(2)—കമ്മീഷണറുടെ കാര്യാലയം-ഓഫീസ് ചെലവുകൾ-വൈദ്യുത ചെലവ്

വിഹിതം : 50 ലക്ഷം രൂപ (പദ്ധതിയേതരം)

3. 2019-2020 വർഷത്തേക്കുള്ള ചെലവിനായി ഈ ശീർഷകത്തിൽ 1.55 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. വകയിരുത്തിയ തുക തികച്ചും അപര്യാപ്തമായതിനാൽ അധികമായി 1.05 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-001-97-18—കമ്മീഷണറുടെ കാര്യാലയം-സംരക്ഷണം

വിഹിതം : 5 ലക്ഷം രൂപ (പദ്ധതിയേതരം)

4. നടപ്പുസാമ്പത്തികവർഷത്തിൽ ഈ ശീർഷകത്തിൽ 8-2-2019 വരെയുള്ള ചെലവ് 2.94705 ലക്ഷം രൂപയാണ്. ഈ ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അധികമായി 2.16 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-001-97-21(2)—കമ്മീഷണറുടെ കാര്യാലയം-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 5.79 ലക്ഷം രൂപ (പദ്ധതിയേതരം)

5. ഈ ശീർഷകത്തിൽ 1-4-2018 മുതൽ 8-2-2019 വരെയുള്ള ചെലവ് 4.54011 ലക്ഷം രൂപയാണ്. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 2.12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-001-97-34(3)—കമ്മീഷണറുടെ കാര്യാലയം - മറ്റു ചെലവുകൾ - മറ്റിനം

വിഹിതം : 3.20 കോടി രൂപ (പദ്ധതിയേതരം)

6. ഈ ശീർഷകത്തിൽ നടപ്പ് വർഷം 8-2-2019 വരെയുള്ള ചെലവ് 8.2625412 കോടി രൂപയാണ്. ടി ശീർഷകത്തിൽ 2019-2020 സാമ്പത്തിക വർഷത്തേക്ക് 10 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 6.80 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-001-97-45—കമ്മീഷണറുടെ കാര്യാലയം - പി.ഓ.എൽ.

വിഹിതം : 18 ലക്ഷം രൂപ (പദ്ധതിയേതരം)

7. ഈ ശീർഷകത്തിൽ നടപ്പ് വർഷം 1-4-2018 മുതൽ 8-2-2019 വരെയുള്ള ചെലവ് 11.40211 ലക്ഷം രൂപയാണ്. ഈയിനത്തിൽ 2019-2020 വർഷത്തേക്ക് 19.52 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിലെ വിഹിതം തികച്ചും അപര്യാപ്തമാണ്. ആകയാൽ ഈയിനത്തിൽ 1.52 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-001-94-02—കമ്മീഷണറുടെ കാര്യാലയത്തിന്റെ കമ്പ്യൂട്ടർവൽക്കരണം-വേതനം

വിഹിതം : 8.50 ലക്ഷം രൂപ (പദ്ധതിയേതരം)

8. ഈ ശീർഷകത്തിൽ 1-4-2018 മുതൽ 8-2-2019 വരെയുള്ള ചെലവ് 6.95850 ലക്ഷം രൂപയാണ്. 2019-2020 സാമ്പത്തിക വർഷത്തേക്ക് 9.32 ലക്ഷം രൂപ ചെലവ് വരുമെന്നതിനാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 82,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-101-99-04 (1)—സംഭരണ ചെലവുകൾ-യാത്രാചെലവുകൾ-യാത്രാബത്ത

വിഹിതം : 75,000 രൂപ (പദ്ധതിയേതരം)

9. പ്രസ്തുത ശീർഷകത്തിൽ 1-4-2018 മുതൽ 8-2-2019 വരെയുള്ള ചെലവ് 55,590 രൂപയാണ്. 2019-2020 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് വിഹിതമായി മേൽ ശീർഷകത്തിൽ 1.61 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും ബഡ്ജറ്റിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമായതിനാൽ ഈയിനത്തിൽ 86,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-101-99-04(2)—സംഭരണ ചെലവുകൾ-യാത്രാചെലവുകൾ-സ്ഥലം മാറ്റ ബത്ത

വിഹിതം : 23,000 രൂപ (പദ്ധതിയേതരം)

10. പ്രസ്തുത ശീർഷകത്തിൽ നടപ്പുവർഷം 8-2-2019 വരെയുള്ള ചെലവ് 14,337 രൂപയാണ്. 2019-2020 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് വിഹിതമായി മേൽ ശീർഷകത്തിൽ 52,000 രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 29,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-101-97-02(3)—ചരക്കുസേവന നികുതി കാര്യാലയങ്ങൾ-വേതനം മറ്റ് അലവൻസുകൾ

വിഹിതം : 62,000 രൂപ (പദ്ധതിയേതരം)

11. ഈ ശീർഷകത്തിൽ 1-4-2018 മുതൽ 8-2-2019 വരെയുള്ള ചെലവ് 37,000 രൂപയാണ്. ഈ ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-101-97-02(5)—ചരക്കുസേവന നികുതി കാര്യാലയങ്ങൾ-വേതനം-ദിവസവേതനം

വിഹിതം : 73.98 ലക്ഷം രൂപ (പദ്ധതിയേതരം)

12. ഈ ഇനത്തിൽ നടപ്പുവർഷം 8-2-2019 വരെയുള്ള ചെലവ് 2.4245 കോടി രൂപയാണ്. മേൽ ശീർഷകത്തിലെ വിഹിതം തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.9802 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-101-97-17—ചരക്കുസേവന നികുതി കാര്യാലയങ്ങൾ-ചെറുകിട മരാമത്തു പണികൾ

വിഹിതം : 20 ലക്ഷം രൂപ (പദ്ധതിയേതരം)

13. പ്രസ്തുത ശീർഷകത്തിൽ 1-4-2018 മുതൽ 8-2-2019 വരെ ചെലവ് 10.65 ലക്ഷം രൂപയാണ്. 2019-2020 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് വിഹിതമായി 38.08 ലക്ഷം രൂപ ഈയിനത്തിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും നിലവിൽ വകയിരുത്തിയ തുക തികച്ചും അപര്യാപ്തമായതിനാൽ 18.08 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഊർജ്ജ വകുപ്പ്

2045-00-103-99-06—ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്-വാടക, കരം, നികുതി

വിഹിതം : 30 ലക്ഷം രൂപ (പദ്ധതിയേതരം)

14. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ ചീഫ് ഓഫീസ് പ്രവർത്തിക്കുന്ന ഹൗസിംഗ് ബോർഡ് മന്ദിര സമുച്ചയത്തിന്റെ വാടകയായി 30.39 ലക്ഷം രൂപ ഹൗസിംഗ് ബോർഡിന് കുടിശ്ശികയായി നൽകേണ്ടതുണ്ട്. പ്രസ്തുത ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 30.39379 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

വോട്ട് ചെയ്യുന്നത് : 233.1797 കോടി രൂപ

ചാർജ്ജ് ചെയ്യുന്നത് : 1,000 രൂപ

## നികുതി വകുപ്പ്

2030-01-101-99—മുദ്രപ്പത്രങ്ങൾ ജുഡീഷ്യൽ-സ്റ്റാമ്പിന്റെ വില

വിഹിതം : 75 ലക്ഷം രൂപ (പദ്ധതിയേതരം)

15. നാസിക് ഇന്ത്യ സെക്യൂരിറ്റി പ്രസ്സിൽ നിന്നും വാങ്ങിയ മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും അച്ചടി കൂലിയായി 78.342 ലക്ഷം രൂപ നൽകാനുള്ളതിനാലും 1-7-2017 മുതൽ അച്ചടി കൂലി ബില്ലിൻമേൽ 12% ബിൽ തുക ജി.എസ്.റ്റി. ആയി അധികം നൽകേണ്ടതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണ്. ആകയാൽ പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-02-101-99—മുദ്രപ്പത്രങ്ങൾ നോൺ ജുഡീഷ്യൽ- സ്റ്റാമ്പിന്റെ വില

വിഹിതം : 14 കോടി രൂപ (പദ്ധതിയേതരം)

16. നാസിക് ഇന്ത്യ സെക്യൂരിറ്റി പ്രസ്സിൽ നിന്നും വാങ്ങിയ മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും അച്ചടി കൂലിയായി 14.146212 കോടി രൂപകൂടി നൽകേണ്ടതിനാലും 1-7-2017 മുതൽ അച്ചടി കൂലി ബില്ലിൻമേൽ 12% ബിൽ തുക ജി.എസ്.റ്റി. ആയി അധികം നൽകേണ്ടതിനാലും ഇപ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. മേൽസാഹചര്യത്തിൽ ടി ശീർഷകത്തിൽ അധികമായി 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-99-17—ഭരണം-ചെറുകിട മരാമത്തുപണികൾ

വിഹിതം : ഇല്ല

17. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിന്റെ മുകളിലത്തെ നിലയിൽ പരാതി പരിഹാര സെൽ സെക്ഷൻ പ്രവർത്തിക്കുന്നതിനുള്ള സജ്ജീകരണങ്ങൾക്കും, Server Room നിലവിൽ വായു കടക്കുന്ന തരത്തിലായതിനാൽ എയർ കണ്ടീഷണർ നിരന്തരമായി പ്രവർത്തനരഹിതമാകുന്നതുമൂലമുള്ള പണികൾ ചെയ്യുന്നതിനുമായി ടി ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-96-05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

വിഹിതം : 26.24 ലക്ഷം രൂപ (പദ്ധതിയേതരം)

18. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2020 മാർച്ച് വരെ നീട്ടിയിട്ടുള്ളതിനാൽ ജില്ലാ ഓഫീസുകളിൽ നിന്നും പാർട്ടികൾക്ക് നോട്ടീസ് അയയ്ക്കുന്നതിനായി നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ സ്റ്റാമ്പ് വാങ്ങുന്നതിനും സ്റ്റേഷനറിയ്ക്കുമായി പ്രസ്തുത ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-96-45—ജില്ലാ ഓഫീസുകൾ-പി. ഓ. എൽ.

വിഹിതം : 5.43 ലക്ഷം രൂപ (പദ്ധതിയേതരം)

19. 2018-2019 സാമ്പത്തിക വർഷത്തിൽ 6.50 ലക്ഷം രൂപ ജില്ലാ രജിസ്ട്രാർമാരുടെ POL ഇനത്തിൽ ചെലവഴിച്ചുകഴിഞ്ഞതിനാലും, പല ജില്ലകളിലും കടിശ്ശികയുള്ളതിനാലും കൂടിവരുന്ന ഇന്ധനവിലയുടെ അടിസ്ഥാനത്തിൽ നിലവിലെ വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ VIII—എക്സൈസ്

വോട്ട് ചെയ്തത് : 298.4016 കോടി രൂപ

ചാർജ്ജ് ചെയ്തത് : 10.50 ലക്ഷം രൂപ

### നികുതി വകുപ്പ്

2039-00-001-99-02-3—മേൽനോട്ടം-വേതനം-മറ്റ് അലവൻസുകൾ

വിഹിതം : ഇല്ല

20. എക്സൈസ് വകുപ്പിന്റെ 2019-2020 വർഷത്തെ പ്രവർത്തനങ്ങൾക്ക് നിലവിൽ ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ടി ശീർഷകത്തിൽ 1.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-99-05-4—മേൽനോട്ടം - ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

വിഹിതം : 44 ലക്ഷം രൂപ (പദ്ധതിയേതരം)

21. ദൈനംദിന ഓഫീസ് ചെലവുകൾക്കു പുറമേ എല്ലാ ഓഫീസുകളിലുമുള്ള കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ തുടങ്ങി ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളുടെ സംരക്ഷണത്തിനും സർവ്വീസിംഗിനും നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-99-06—മേൽനോട്ടം-വാടക, കരം, നികുതി

വിഹിതം : 85 ലക്ഷം രൂപ (പദ്ധതിയേതരം)

22. സംസ്ഥാനത്ത് ഭൂരിഭാഗം എക്സൈസ് ഓഫീസുകളും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിനാൽ നിലവിൽ നിശ്ചയിച്ചിട്ടുള്ള വാടക കാലാനുസൃതമായി പുതുക്കി കുടിശ്ശിക ഉൾപ്പെടെ നൽകേണ്ടതുണ്ട്. ആയതിനായി ഇപ്പോൾ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് അധികമായി 8 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-99-15—മേൽനോട്ടം-രഹസ്യ സേവന ചെലവുകൾ

വിഹിതം : 19 ലക്ഷം രൂപ (പദ്ധതിയേതരം)

23. നർക്കോട്ടിക്ക് ഡ്രഗ്സ് ഉൾപ്പെടുന്ന കേസുകളുടെ എണ്ണം മുൻകാലങ്ങളെക്കാൾ വർദ്ധിച്ചുവരുന്നതിനാലും, അന്താരാഷ്ട്ര ബന്ധമുള്ള ലഹരിമരുന്ന് വ്യാപാര കേസുകൾ തെളിയിക്കുന്നതിനും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനും പ്രതിഫല തുക നൽകേണ്ടി വരുന്നതിനാലും, നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ അധികമായി 5.40 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-99-21-2—മേൽനോട്ടം-മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപണികളും

വിഹിതം : 47.74 ലക്ഷം രൂപ (പദ്ധതിയേതരം)

24. എക്സൈസ് ഓഫീസുകളിൽ ഉപയോഗത്തിൽ ഇരിക്കുന്ന വാഹനങ്ങളിൽ ഭൂരിഭാഗവും 10 വർഷത്തിന്മേൽ കാലപ്പഴക്കം ഉള്ളതിനാൽ അറ്റകുറ്റപ്പണികൾക്ക് നിലവിലെ വിഹിതം അപര്യാപ്തമാണ്. മേൽസാഹചര്യത്തിൽ ഈ ശീർഷകത്തിലേക്ക് 45 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-99-34-3—മേൽനോട്ടം-മറ്റ് ചെലവുകൾ-മറ്റിനം

വിഹിതം : 46 ലക്ഷം രൂപ (പദ്ധതിയേതരം)

25. എക്സൈസ് വകുപ്പിന്റെ ആസ്ഥാന, മേഖലാ ജില്ലാ കാര്യാലയങ്ങളിൽ ആധുനികവത്കരണത്തിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള ഇ-ഓഫീസ്, ഇ-കർബ് എന്നിവയുടെ പരിപാലനത്തിനും, പരിഷ്കരണത്തിനും ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ അധികമായി 6.30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-99-45—മേൽനോട്ടം-പി.ഒ.എൽ.

വിഹിതം : 1.6226 കോടി രൂപ (പദ്ധതിയേതരം)

26. എക്സൈസ് ഓഫീസുകളിലേക്ക് അനുവദിക്കപ്പെട്ട വാഹനങ്ങളുടെ കാലപ്പഴക്കംമൂലം ഇന്ധന ക്ഷമത കുറഞ്ഞതിനാലും, കൂടുതൽ വാഹനങ്ങൾ വകുപ്പിലേക്ക് അനുവദിച്ചിട്ടുള്ളതിനാലും, കാലാനുസൃതമായി ഇന്ധന വിലയിലുള്ള വർദ്ധനവിന്റെ അടിസ്ഥാനത്തിലും നിലവിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ അധികമായി 45 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-98-04-1—റേഞ്ച് ഓഫീസുകൾ-യാത്രാ ചെലവുകൾ-യാത്രാബത്ത

വിഹിതം : 1.5750 കോടി രൂപ (പദ്ധതിയേതരം)

27. എക്സൈസ് വകുപ്പ് ജീവനക്കാർക്ക് ലഭിച്ച വേതന വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർ നടത്തുന്ന യാത്രയ്ക്ക് അനുസൃതമായി യാത്രാബത്ത നൽകേണ്ടിവരുന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. മേൽ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 45 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-94-21-1—എക്സൈസ് വകുപ്പിന്റെ നവീകരണം-മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

28. എക്സൈസ് വകുപ്പിൽ നവീകരണത്തിന്റെ ഭാഗമായി നിലവിൽ കാലപ്പഴക്കംകൊണ്ട് ഉപയോഗശൂന്യമായ വാഹനങ്ങൾ ഘട്ടംഘട്ടമായി മാറ്റി പുതിയ 13 ബൊലേറോ എൽ.എക്സ്. (ഒരെണ്ണത്തിന് 7.7 ലക്ഷം രൂപ) വാങ്ങുന്നതിനായി ടി ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-88—വിമുക്തി

വിഹിതം : 5 കോടി രൂപ (പദ്ധതി)

29. വിമുക്തി പദ്ധതിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തനം ആരംഭിച്ച ലഹരിമുക്ത കേന്ദ്രങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. മേൽ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അധികമായി 22 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-87—സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണം

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

30. സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതും, ആയതിന്റെ ഭാഗമായി നിലവിൽ 3012 സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. ക്ലബ്ബുകളുടെ രൂപീകരണത്തിനും തുടർ പ്രവർത്തനങ്ങൾക്കും വേണ്ടി അധിക തുക ആവശ്യമാകയാൽ ടി ശീർഷകത്തിലേക്ക് 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-800-95—ബോധവൽക്കരണവും മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും

വിഹിതം : 5 ലക്ഷം രൂപ (പദ്ധതി)

31. എക്സൈസ് വകുപ്പിന്റെ നേരിട്ടുള്ള മേൽ നോട്ടത്തിൽ സ്കൂൾ/കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ലഹരി വിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ബോധവൽക്കരണവും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും നടത്തുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആകയാൽ ഈ ശീർഷകത്തിൽ 85.50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ X—ട്രഷറികളും അക്കൗണ്ടുകളും

വോട്ട് ചെയ്യുന്നത് : 307.5594 കോടി രൂപ

ചാർജ്ജ് ചെയ്യുന്നത് : ഇല്ല

### ധനകാര്യ വകുപ്പ്

2054-00-098-99—ലോക്കൽ ഫണ്ട് ഓഡിറ്റ്-ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്

വിഹിതം : 81.0603 കോടി രൂപ (പദ്ധതിയേതരം)

32. കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ തിരുവനന്തപുരം ജില്ലാ കാര്യാലയത്തിന്റെ 2015 മുതലുള്ള വാടക കുടിശ്ശിക, പലിശ എന്നിവ ഹൗസിംഗ് ബോർഡിന് നൽകുന്നതിനായി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 30.99 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും

വോട്ട് ചെയ്തത് : 705.9606 കോടി രൂപ

ചാർജ്ജ് ചെയ്തത് : 1.133 കോടി രൂപ

### ധനകാര്യ വകുപ്പ്

2047-00-103-99-34(3)—ദേശീയ സമ്പാദ്യ സംഘടന ഡയറക്ടറോഫീസ്-മറ്റ് ചെലവുകൾ-മറ്റിനം

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

33. ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ ഒരു വർഷം ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്ന മൊത്തം തുകയുടെ 50% ആണ് സർക്കാർ വിഹിതമായി ഒടുക്കേണ്ടത്. 2019-2020 സാമ്പത്തികവർഷത്തിൽ ക്ഷേമനിധിയിലേയ്ക്കുള്ള സർക്കാർ വിഹിതം, അടയ്ക്കുന്നതിനായി 1.25748 കോടി രൂപയും മുൻവർഷങ്ങളിലെ കുടിശ്ശിക 1.4035997 കോടി രൂപയും ഉൾപ്പെടെ ആകെ 2.6611 കോടി രൂപ ആവശ്യമായിട്ടുള്ളതിനാൽ ഇപ്പോൾ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2.661 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-99-99—ദേശീയ സമ്പാദ്യ സംഘടനാ ഡയറക്ടറോഫീസ് വിവരസാങ്കേതിക വിദ്യ

വിഹിതം : 1 ലക്ഷം രൂപ (പദ്ധതിയേതരം)

34. ദേശീയ സമ്പാദ്യ പദ്ധതി ഓഫീസിൽ 2019-2020 സാമ്പത്തിക വർഷം ബയോമെട്രിക് പഞ്ചിംഗ്, ഇ-ഓഫീസ് എന്നിവ നടപ്പിലാക്കുന്നതിനായി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാകയാൽ ഈയിനത്തിൽ അധികമായി 14 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-87—ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് നൽകുന്നപ്രതിഫലം

വിഹിതം : 175 കോടി രൂപ (പദ്ധതിയേതരം)

35. 2019-2020 സാമ്പത്തിക വർഷം ഏജന്റുമാർക്ക് അധികസേവനത്തിനുള്ള പ്രതിഫലം പ്രതിമാസം ഏകദേശം 17 കോടി രൂപ നിരക്കിൽ 12 മാസത്തെ പ്രതിഫലം വിതരണം ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 29 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVI—പെൻഷനും പലവകയും

വോട്ട് ചെയ്തത് : 30280.5472 കോടി രൂപ

ചാർജ്ജ് ചെയ്തത് : 112.2602 കോടി രൂപ

### നികുതി വകുപ്പ്

2075-00-103-99-08—ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പന-പരസ്യം, പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ

വിഹിതം : 25 കോടി രൂപ (പദ്ധതിയേതരം)

36. ദൃശ്യ-ശ്രാവ്യ, അച്ചടി മാധ്യമങ്ങളിലൂടെയുള്ള ലോട്ടറിയുടെ പരസ്യം, നറുക്കെടുപ്പ്, ഫലപ്രസിദ്ധീകരണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക തികച്ചും അപര്യാപ്തമാണ്. ഉയർന്ന വിറ്റുവരവ് ലക്ഷ്യം കൈവരിക്കുന്നതിനായി കൂടുതൽ പരസ്യങ്ങൾ നൽകുന്നതിലേക്ക് 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-98—സംസ്ഥാന ഭാഗ്യക്കുറി-ഏജന്റുമാരുടെ കമ്മീഷൻ

വിഹിതം : 2945 കോടി രൂപ (പദ്ധതിയേതരം)

37. ലോട്ടറി വിറ്റുവരവ് കൂടുന്നതനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റിനുള്ള സമ്മാനം എന്നിവയ്ക്ക് ആനുപാതികമായ വർദ്ധനവുണ്ടാകും. മൊത്തം വിറ്റുവരവിന്റെ 30% ഈ ഇനത്തിൽ ചെലവഴിക്കേണ്ടിവരുമെന്നതിനാൽ ഏകദേശം 3559 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ 614 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-93-05-(2)—ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ-ഓഫീസ് ചെലവുകൾ-വൈദ്യുതചെലവ്

വിഹിതം : 11 ലക്ഷം രൂപ (പദ്ധതിയേതരം)

38. ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ വൈദ്യുത ചെലവ് ഇനത്തിൽ അനുവദിച്ച തുക 2019-2020 സാമ്പത്തിക വർഷത്തെ ചെലവ് വഹിക്കുന്നതിന് തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-93-05-(3)—ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

വിഹിതം : 11.02 ലക്ഷം രൂപ (പദ്ധതിയേതരം)

39. ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-93-06—ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ-വാടക, കരം, നികുതി

വിഹിതം : 35.71 ലക്ഷം രൂപ (പദ്ധതിയേതരം)

40. നാല് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളും 15 സബ് ഓഫീസുകളും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ 2019-2020 സാമ്പത്തിക വർഷത്തിൽ വാടകയിനത്തിൽ 50.92 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 15.21 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-89—സംസ്ഥാന ഭാഗ്യക്കുറി-സെക്യൂരിറ്റി ഡിസൈൻ ലാബ് സ്ഥാപിക്കൽ

വിഹിതം : ഇല്ല.

41. സെക്യൂരിറ്റി ഡിസൈൻ ലാബിലെ ജീവനക്കാരുടെ ശമ്പളം, കൺസൽട്ടൻസി ചാർജ്ജ്, യാത്രാബത്ത, ടിക്കറ്റ് എക്സാമിനേഷൻ ചാർജ്ജ് എന്നിവ ഈ ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനാൽ ഈ ഇനത്തിൽ 12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനകാര്യവകുപ്പ്

2075-00-795-98—ഈടാക്കാൻ കഴിയാത്ത വായ്പകൾ എഴുതിത്തള്ളൽ-വീട് വായ്പ എഴുതിത്തള്ളൽ

വിഹിതം : 15 ലക്ഷം രൂപ (പദ്ധതിയേതരം)

42. ഭവനനിർമ്മാണ വായ്പ എഴുതിത്തള്ളൽ തുക 5 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ ചെലവ് വർദ്ധിക്കാനിടയുണ്ട്. മേൽസാഹചര്യത്തിൽ ഇപ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-09—മറ്റ് ചെലവുകൾ-ഭവന നിർമ്മാണ വായ്പ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പഞ്ചാബ് നാഷണൽ ബാങ്കിനും ഫെഡറൽ ബാങ്കിനും നൽകേണ്ട പലിശ ധനസഹായം

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

43. ബാങ്കിലേയ്ക്ക് ഭവന വായ്പാ പോർട്ട് ഫോളിയോ കൈമാറിയതിൽ പലിശയിനത്തിലെ തിരിച്ചടവിനുള്ള ഇൻവോയിസ് 2018-2019-ൽ നാളിതുവരെ ലഭിക്കാത്തതിനാൽ 2019-2020 സാമ്പത്തിക വർഷം ഈ ഇനത്തിൽ ഏകദേശം 9 കോടിയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പൊതുഭരണ (സൈനികക്ഷേമ) വകുപ്പ്

2075-00-800-94—ഡിഫൻസ് സർവ്വീസുകളിലെ ധീരതയ്ക്കുള്ള കീർത്തിമുദ്രക്കർഹരായവർക്കും ആശ്രിതർക്കും ക്യാഷ് അവാർഡ് മറ്റ് ചെലവുകൾ

വിഹിതം : 50 ലക്ഷം രൂപ (പദ്ധതിയേതരം)

44. ഗാലന്ററി അവാർഡ് ജേതാക്കൾക്ക് 1 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ നൽകി വന്നിരുന്ന ക്യാഷ് അവാർഡ് 2 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപ വരെയായും നോൺ ഗാലന്ററി അവാർഡ് ജേതാക്കൾക്ക് 10,000 രൂപ മുതൽ 50,000 രൂപ വരെ നൽകി വന്നിരുന്ന ക്യാഷ് അവാർഡ് 25,000 രൂപ മുതൽ 1 ലക്ഷം രൂപ വരെയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്

2075-00-800-89—മറ്റ് ചെലവുകൾ-തിരുവിതാംകൂർ രാജകുടുംബാംഗങ്ങൾക്കുള്ള അലവൻസുകൾ പെൻഷൻ

വിഹിതം : 22.50 ലക്ഷം രൂപ (പദ്ധതിയേതരം)

45. 2018-19 സാമ്പത്തിക വർഷത്തിൽ 31-12-2018 വരെ 31.07501 ലക്ഷം രൂപ ഈ ശീർഷകത്തിൽ ചെലവായിട്ടുള്ളതിനാലും നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തെക്കാൾ അധികതുക ആവശ്യമുള്ളതിനാലും ടി ശീർഷകത്തിൽ അധികമായി 9.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-83—മുൻ കൊച്ചി മഹാരാജാവിന്റെ കൊട്ടാരം പെൻഷൻകാർക്ക് പെൻഷൻ നൽകൽ

വിഹിതം : 15 ലക്ഷം രൂപ (പദ്ധതിയേതരം)

46. 2017-2018 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ നിന്ന് 18.43 ലക്ഷം രൂപയും, 2018-2019 സാമ്പത്തികവർഷം 31-12-2018 വരെ 14.25 ലക്ഷം രൂപയും ചെലവായിട്ടുള്ളതിനാൽ 2019-2020 സാമ്പത്തികവർഷം അനുവദിക്കപ്പെട്ടിട്ടുള്ള തുകയെക്കാൾ അധികചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 3.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ആഭ്യന്തര വകുപ്പ്

2075-00-800-81—മറ്റ് ചെലവുകൾ-കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം

വിഹിതം : 1.1693 കോടി രൂപ (പദ്ധതിയേതരം)

47. ഹജ്ജ് ഹൗസിന്റെ അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപയും 2018-2019-ൽ 3 കോടി രൂപയും സംസ്ഥാന സർക്കാർ ഗ്രാന്റ് ഇൻ എയ്ഡ് ആയി അനുവദിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിരുന്നുവെങ്കിലും ഈ ശീർഷകത്തിൽ 2017-2018, 2018-2019 വർഷങ്ങളിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ആകയാൽ ടി ശീർഷകത്തിൽ അധികമായി 8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## റവന്യൂ വകുപ്പ്

2075-00-800-78—മറ്റ് ചെലവുകൾ-വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിന് വേണ്ടിയുള്ള പ്രത്യേക ധനസഹായം

വിഹിതം : 1.32 കോടി രൂപ (പദ്ധതിയേതരം)

48. കേരള സ്റ്റേറ്റ് വഖഫ് ബോർഡ് സോഷ്യൽ വെൽഫെയർ (കേരള) സ്കീം പ്രകാരം നൽകിവരുന്ന മാരകരോഗ ചികിൽസാ ധനസഹായം, വിവാഹധനസഹായം എന്നീ ഇനങ്ങളിൽ 2014 വർഷം മുതൽ ലഭിച്ച അപേക്ഷകർക്ക് മുടങ്ങിക്കിടക്കുന്ന ധനസഹായം നൽകുന്നതിനും പ്രതിമാസ പെൻഷൻ വിതരണം സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിനുമായി ടി ശീർഷകത്തിലേക്ക് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 8.68 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-54—മറ്റ് ചെലവുകൾ-സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നും വിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവയ്ക്കൽ മൊത്തം തുക

വിഹിതം : 100 കോടി രൂപ (പദ്ധതിയേതരം)

49. കോടതി വിധി അന്തിമമായിട്ടുള്ള എൽ.എ.ആർ. കേസുകളിൽ വിധിക്കട തുക അനുവദിക്കുന്നതിനും ലോക് അദാലത്തുകളിൽ സെറ്റിൽമെന്റിലൂടെ തീർപ്പാക്കിയിട്ടുള്ള കേസുകളിലെ വിധി തുക അനുവദിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

വോട്ട് ചെയ്തത് : 5985.1572 കോടി രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

### ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

3454-02-112-89—സാമ്പത്തികസ്ഥിതി വിവരകണക്കുകൾ-ഭാരതീയ സ്ഥിതിവിവര കണക്ക് ശക്തിപ്പെടുത്തൽ പദ്ധതി (ഐ.എസ്.എസ്.പി.) സംസ്ഥാന പദ്ധതി

വിഹിതം : 48 ലക്ഷം രൂപ (പദ്ധതി)

50. സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (SASA) ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് 4.41 കോടി രൂപ ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും 2018-19 സാമ്പത്തിക വർഷം ലഭ്യമായ തുക 3.31 കോടി രൂപ മാത്രമാണ്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അടുത്ത സാമ്പത്തികവർഷം തന്നെ പൂർത്തിയാക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 1.10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLV—പലവക വായ്പകളും മുൻകൂറുകളും

വോട്ട് ചെയ്തത് : 15.6315 കോടി രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

### ധനകാര്യ വകുപ്പ്

7610-00-201-99—ഭവനനിർമ്മാണ വായ്പകൾ-അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥന്മാർ

വിഹിതം : 25 ലക്ഷം രൂപ (പദ്ധതിയേതരം)

51. ഇന്ത്യാ ഗവൺമെന്റ്, അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കുള്ള ഭവന നിർമ്മാണ വായ്പ 25 ലക്ഷമായി ഉയർത്തിയിട്ടുള്ളതിനാൽ ഈ ഇനത്തിൽ ഒരു കോടിയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7610-00-800-95(02)—സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് നൽകുന്ന പലിശയില്ലാത്ത മുൻകൂറുകൾ-നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർ

വിഹിതം : 8.25 കോടി രൂപ (പദ്ധതിയേതരം)

52. ഈ ഇനത്തിൽ മുൻവർഷത്തെ ചെലവ് കണക്കിലെടുത്ത് നടപ്പ് വർഷം കൂടുതൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7610-00-800-90—മറ്റ് വായ്പകൾ-ക്ലാസ്സ് IV ജീവനക്കാരുടെ പെൺ മക്കളുടെ വിവാഹ ചെലവുകൾ നേരിടുന്നതിനായുള്ള മുൻകൂർ വായ്പ

വിഹിതം : 35 ലക്ഷം രൂപ (പദ്ധതിയേതരം)

53. മുൻവർഷത്തെ ചെലവ് കണക്കിലെടുത്ത് 2019-2020 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ കൂടുതൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

വോട്ട് ചെയ്യുന്നത് : 4189.5269 കോടി രൂപ

ചാർജ്ജ് ചെയ്യുന്നത് : ഇല്ല

### ധനകാര്യ വകുപ്പ്

2235-60-110-99-06—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്-വാടക, കരം, നികുതി

വിഹിതം : 42 ലക്ഷം രൂപ (പദ്ധതിയേതരം)

54. കെ.എസ്.ഐ.ഡി.-യും കെ.ടി.ഡി.എഫ്.സി.-യുമായുള്ള കരാറനുസരിച്ച് ഓരോ 3 വർഷം കൂടുമ്പോഴും വാടകയിനത്തിൽ 20% വർദ്ധനവ് വരുത്തേണ്ടതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110-99-21—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്- മോട്ടോർ വാഹനങ്ങൾ

വിഹിതം : ഇല്ല

55. ഇൻഷ്വറൻസ് വകുപ്പിന്റെ ആറ് ജില്ലാ ഓഫീസുകളിലേക്കും ഓരോ വാഹനം വീതം ലഭ്യമാക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 36 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110-98-01 (4)—ജില്ലാ ഓഫീസുകൾ-ശമ്പളം-മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

വിഹിതം : 3.85 ലക്ഷം രൂപ (പദ്ധതിയേതരം)

56. ടി ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2.15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110-97—സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്-കമ്പ്യൂട്ടർ വൽക്കരണം

വിഹിതം : 40 ലക്ഷം രൂപ (പദ്ധതിയേതരം)

57. സോഫ്റ്റ്‌വെയറിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തൽ, വാർഷിക അറ്റകുറ്റപ്പണികൾ, വിവര സാങ്കേതിക വിഭാഗത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ, പഴയവ മാറ്റൽ, SLI പോളിസി ഫയലുകളുടെ സ്കാനിംഗ് എന്നിവയ്ക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ അധികമായി 1.20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പൊതുശിപാർശകൾ

58. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ NOC ലഭിക്കുന്നതിനുള്ള കാലതാമസം കാരണം നിരവധി പി.ഡബ്ല്യൂ.ഡി. വർക്കുകൾ പൂർത്തിയാക്കാനും പണി പൂർത്തിയായ കെട്ടിടങ്ങൾ ഉപയോഗിക്കാനും കഴിയുന്നില്ലെന്നും, കിഫ്ബിയിലുൾപ്പെടുത്തി ആരംഭിച്ച കാത്ത് ലാബുകൾ, ആശുപത്രികൾ തുടങ്ങിയവ പ്രവർത്തന സജ്ജമാക്കാൻ സാധിക്കുന്നില്ലെന്നും സമിതി വിലയിരുത്തുന്നു. ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തണമെന്നും കാലതാമസം വന്നിട്ടുള്ള കേസുകൾ ആഭ്യന്തരമായി പരിശോധിച്ച് അടിയന്തരനടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

59. കേരളത്തിൽ പ്രോപ്പർട്ടി ടാക്സ് നിരക്കിൽ ഓരോ അഞ്ചുവർഷവും 25 ശതമാനം വർദ്ധനയുണ്ടാകുന്നുണ്ടെന്നും പ്രസ്തുത നിരക്ക് ഒരുമിച്ച് വർദ്ധിപ്പിക്കുന്നതിനു പകരം പ്രതി വർഷം നിശ്ചിതശതമാനം വർദ്ധിപ്പിക്കുന്ന രീതി ഉചിതമായിരിക്കും എന്നും സമിതി വിലയിരുത്തുന്നു. ആയതിലേക്കായി മറ്റ് സംസ്ഥാനങ്ങളിലെ നിലവിലെ പ്രോപ്പർട്ടി ടാക്സ് നിരക്ക്, നിരക്ക് വർദ്ധിപ്പിക്കുന്ന കാലയളവ്, ഓരോ തവണയിലുമുള്ള നിരക്ക് വർദ്ധന എന്നിവ

സംബന്ധിച്ച് ഒരു താരതമ്യപഠനം നടത്തണമെന്നും പ്രോപ്പർട്ടി ടാക്സ് പ്രതിവർഷം ഒരു നിശ്ചിതശതമാനം വീതം വർദ്ധിപ്പിക്കുന്ന രീതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

60. ചെറിയ തുകയ്ക്കുള്ള സ്റ്റാമ്പ്/മുദ്രപ്പത്രങ്ങൾക്ക് ദൗർലഭ്യം നേരിടുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെറിയ തുകയ്ക്കുള്ള സ്റ്റാമ്പ്/മുദ്രപ്പത്രങ്ങൾ ആവശ്യമുള്ളവർ ഇവയുടെ ക്ഷാമം കാരണം ഉയർന്ന വിലയുള്ളവ വാങ്ങാൻ നിർബന്ധിതരാകുന്ന സാഹചര്യം നിലവിലുണ്ട്. കുറഞ്ഞ വിലയുള്ള സ്റ്റാമ്പ്/മുദ്രപത്രങ്ങൾ സ്റ്റോക്കുണ്ടെങ്കിലും കൃത്രിമമായി ദൗർലഭ്യം സൃഷ്ടിച്ച് ഉയർന്ന വിലയുള്ളവ വാങ്ങാൻ ജനങ്ങളെ നിർബന്ധിതരാക്കുന്ന സാഹചര്യം മൂലമാണിതെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിലേക്കായി എല്ലാ സ്റ്റാമ്പ് വെണ്ടർമാരും സ്റ്റാമ്പ്/മുദ്രപ്പത്രങ്ങൾ സംബന്ധിച്ച സ്റ്റോക്ക് വിവരം തങ്ങളുടെ ഓഫീസുകളിൽ പ്രദർശിപ്പിക്കണമെന്നും ട്രഷറി ഓഫീസർമാർ വഴി സ്റ്റാമ്പ് വെണ്ടർമാരുടെ ഓഫീസുകളിൽ പരിശോധന നടത്തണമെന്നും പരിശോധനയിൽ ടി സ്റ്റോക്ക് വിവരത്തിൽ ക്രമക്കേട് കണ്ടെത്തുന്ന പക്ഷം പ്രസ്തുത സ്റ്റാമ്പ് വെണ്ടർമാരുടെ ലൈസൻസ് റദ്ദാക്കുന്ന തുൾപ്പെടെയുള്ള കർശന ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

61. എക്സൈസ് വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ സ്കൂൾ/കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ലഹരിവിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടത്തുന്ന ലഹരിമരുന്നുപയോഗത്തിനെതിരെയുള്ള ബോധവൽക്കരണവും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. ലഹരിമരുന്നുപയോഗ ത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിലേയ്ക്കായി ബോധവൽക്കരണ പ്രസംഗങ്ങൾക്ക് പകരം ലഹരിമരുന്ന് ഉപയോഗിക്കുന്നവർക്കുണ്ടാകാൻ സാധ്യതയുള്ള രോഗങ്ങൾ, ലഹരിമരുന്നുപയോഗംമൂലം വായ്, ശ്വാസകോശം, വൃക്കകൾ തുടങ്ങി വിവിധ ശരീരഭാഗങ്ങൾക്ക് രോഗം ബാധിക്കുമ്പോഴുണ്ടാകുന്ന മാറ്റങ്ങൾ, ലഹരിമരുന്നുപയോഗം മൂലമുണ്ടാകുന്ന ശാരീരിക മാനസിക പ്രശ്നങ്ങൾ ഇവയെല്ലാം തുറന്ന് കാട്ടുന്ന വിവിധ ദൃശ്യങ്ങൾ പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നതിനും ഹ്രസ്വചിത്രങ്ങൾ കലണ്ടറുകൾ എന്നിവ കാമ്പസു കളിൽ പ്രദർശിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നതിനും ഇവയുടെ ദൂഷ്യഫലങ്ങൾ പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ നിരന്തരം പരസ്യപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2019 ഏപ്രിൽ 25.

ഡോ. ടി. എം. തോമസ് ഐസക്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.